

## സെന്റ് മരിയ ഗൊരേത്തി അഡോറേഷൻ കോൺവെന്റ് കാളിയാർ

സ്ഥാപനം : 1956

അവിഭക്ത എറണാകുളം പ്രൊവിൻസിന്റെ ശാഖയായ കുടിയേറ്റ പ്രദേശമായ കാളിയാറ്റിൽ സ്ഥാപിതമായതാണ് ഈ മഠം. ഈ പ്രദേശത്തെ വികസന സാധ്യതകൾ പരിഗണിച്ച് എറണാകുളം അതിരൂപതാദ്ധ്യക്ഷൻ മാർ അഗസ്റ്റ്യൻ കണ്ടത്തിൽ പാതാവിന്റെയും മദർ ജനറലിന്റെയും അനുവാദത്തോടെ മുൻകൂട്ടി വാങ്ങിയിരുന്ന 8 സെന്റ് സ്ഥലത്തുണ്ടായിരുന്ന കൊച്ചുഭവനത്തിൽ 1956 ജൂലൈ 1-ാം തിയതി വികാരി ബ. പോൾ തരണിയിലച്ചൻ (Senior) വെഞ്ചരിച്ച് മഠത്തിന് ആരംഭം കുറിച്ചു. വിദ്യാഭ്യാസ മേഖലയിൽ ശുശ്രൂഷ ആരംഭിച്ചുകൊണ്ട് ഇടവകയിലെ വിവിധ പ്രേഷിതമേഖലകളിൽ സിസ്റ്റേഴ്സ് സേവനം കാഴ്ച വച്ചു. ബ. അച്ചന്റെ നേതൃത്വത്തിൽ ഇടവകക്കാരുടെ സഹകരണത്തോടെ പുതിയ കെട്ടിടം പണിത് 1960-ൽ വെഞ്ചരിച്ച് സിസ്റ്റേഴ്സ് അവിടെ താമസമാക്കി. ക്രമേണ ഒരു ബോർഡിംഗും ആരംഭിച്ചു. കാലത്തിന്റെ ആവശ്യമനുസരിച്ച് 2004-ൽ സി.ബി.എസ്.ഇ സ്ക്കൂളും ആരംഭിച്ചു. ജീർണ്ണിച്ച മഠം പൊളിച്ച് മാറ്റി പകരം നിർമ്മിച്ച മഠത്തിന്റെ വെഞ്ചരിപ്പുകർമ്മം 2008-ൽ നിർവ്വഹിച്ച് അവിടെ താമസമാക്കി. സഹോദരികൾ ഇന്ന് ഇടവകയോട് ചേർന്ന് എല്ലാ പ്രേഷിതമേഖലകളിലും പ്രവർത്തനനിരതമാണ്. നല്ല നിലവാരം പുലർത്തുന്ന സ്ക്കൂൾ കാളിയാറിന് ഒരഭിമാനമാണ്.